കാർഷിക സർവ്വകലാശാല പുറത്തിറക്കിയ പച്ചക്കറി വിത്തിനങ്ങൾ ലഭ്യമാക്കുന്ന പദ്ധതി

213 (5641) ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കാർഷിക സർവ്വകലാശാല പുറത്തിറക്കിയ വിത്തിനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുവാൻ എന്തൊക്കെ ക്രമീകരണങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2010-2011 വർഷത്തേക്ക് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കാർഷിക സർവ്വകലാശാല പുറത്തിറക്കിയ വിത്തിനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുവാൻ അവരുടെ വിത്തിനങ്ങൾ കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷി ഫാമുകൾ വഴിയും സീഡ് ഡെവലപ്മെന്റ് അതോറിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ എന്നിവയുടെ മേൽനോട്ടത്തിൽ കർഷകർ വഴി കൂടുതൽ ഉൽപ്പാദിപ്പിച്ച് പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കുവാൻ കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ഐ.സി.എ.ആർ, മെഗാ സീഡ് പദ്ധതി, ആർ. കെ.വി.വൈ, കെ.എ.യു റിവോൾവിങ് ഫണ്ട്, നെറ്റ് വർക്ക് പദ്ധതി എന്നിവ വഴി സർവ്വകലാശാല പുറത്തിറക്കിയ വിത്തിനങ്ങൾ ഉൾപ്പെടെ പരമാവധി വിത്തും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2010-2011 വർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി, ഹൂഡ് സെക്യൂരിറ്റി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളിലേക്ക് ആവശ്യമായ പച്ചക്കറി വിത്തുകൾ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി, കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (വി.എഫ്.പി.സി.കെ) എന്നീ സ്ഥാപനങ്ങൾ വഴി ഉൽപ്പാദിപ്പിച്ച് വിത്തുകൾ കർഷകർക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ കർഷകർ നേരിട്ടും കാർഷിക സർവ്വകലാശാലയിലെ വിവിധ സ്ഥാപനങ്ങൾ വഴിയും പച്ചക്കറി വിത്തുകൾ വാങ്ങി ഉപയോഗിക്കുന്നുണ്ട്. കൂടാതെ 115.51 ക്വിന്റൽ വിത്ത്, 2010-11 വർഷത്തിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല ലക്ഷ്യമിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly